കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് നഗരകാര്യം മുനിസിപ്പൽ കോമൺ സർവ്വീസിലെ ആരോഗ്യവിഭാഗത്തിലെ വനിതാ ജീവനക്കാരുടെ യൂണിഫോം ഇപ്പോൾ നിലവിലുള്ള യൂണിഫോം പാറ്റേൺ നിലനിർത്തിക്കൊണ്ടു തന്നെ പുരുഷ ജീവനക്കാർ ധരിക്കുന്ന സമാന യൂണിഫോം വനിതാ ജീവനക്കാർക്കു കൂടി ധരിക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം.1542/2016/തസ്വഭവ. തീയതി ,തിരുവനന്തപുരം, 27/04/2016.

പരാമർശം : 1. ജി.ഒ.(ആർ.റ്റി) നം. 3787/05/ത.സ്വ.ഭ.വ തിയതി 31/08/2005.
2.തിരുവനന്തപുരം നഗരസഭാ കൗൺസിലിന്റെ 21/08/2015 ലെ 1(21)-ാം നമ്പർ പ്രമേയം.
3. തിരുവനന്തപുരം മേയറുടെ 18.09.2015 ലെ C1/191290/10 നമ്പർ കത്ത്.
4.വനിതാ ഹെൽത്ത് ഇൻസ്പെക്ടർമാർ സമർപ്പിച്ച 14.10.2015 ലെ നിവേദനം.
5.നഗരകാര്യ ഡയറക്ടറുടെ 19/12/2015, 05/03/2016 തിയതികളിലെ ഇ 5-22907/15 നമ്പർ കത്തുകൾ.

ഉത്തരവ്

മുനിസിപ്പൽ കോമൺ സർവ്വീസിലെ ആരോഗ്യ വിഭാഗം ജീവനക്കാർക്ക് യൂണിഫോം പാറ്റേൺ നിശ്ചയിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരിന്നു. ടി യൂണിഫോം ഏകീകരിച്ചുകൊണ്ട് പുരുഷ ഹെൽത്ത് ഇൻസ്പെക്ടർമാരെ പോലെ തന്നെ വനിതാ ഹെൽത്ത് ഇൻസ്പെക്ടർമാർക്കും സമാനമായ രീതിയിലുള്ള യൂണിഫോം അനുവദിക്കണമെന്ന തിരുവനന്തപുരം നഗരസഭാ കൗൺസിലിന്റെ പരാമർശം (2) ലെ പ്രമേയം നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് തിരുവനന്തപുരം മേയർ പരാമർശം (3) ലെ കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിച്ചിരിക്കുന്നു. മുനിസിപ്പൽ കോമൺ സർവ്വീസിലെ ആരോഗ്യവിഭാഗത്തിലെ വനിതാ ജീവനക്കാരുടെ യൂണിഫോം Articles and Accessories, Shirts & pants,Brown soes, Kakki socks എന്നിവ കൂടി ധരിക്കുന്നതിനുള്ള ഉത്തരവ് നൽകണമെന്ന് പരാമർശം (4) ലെ നിവേദനത്തിൽ തിരുവനന്തപുരം നഗരസഭയിലെ വനിതാജീവനക്കാരും അഭ്യർത്ഥിച്ചിരിക്കുന്നു. ഇപ്പോൾ നിലവിലുള്ള യൂണിഫോം പാറ്റേൺ നിലനിർത്തിക്കൊണ്ടു തന്നെ പുരുഷ ജീവനക്കാർ ധരിക്കുന്ന സമാന യൂണിഫോം വനിതാ ജീവനക്കാർക്കുകൂടി അനുവദിക്കുന്ന കാര്യത്തിൽ ഭൂരിഭാഗം സംഘടനകൾക്കും ഏകാഭിപ്രായമായതിനാൽ ഈ വിഷയത്തിൽ അനുകൂലമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം (5) പ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസിലെ ആരോഗ്യവിഭാഗത്തിലെ വനിതാ ജീവനക്കാരുടെ യൂണിഫോം ഇപ്പോൾ നിലവിലുള്ള യൂണിഫോം പാറ്റേൺ നിലനിർത്തിക്കൊണ്ടു തന്നെ പുരുഷ ജീവനക്കാർ ധരിക്കുന്ന സമാന യൂണിഫോം വനിതാ ജീവനക്കാർക്കു കൂടി ധരിക്കുന്നതിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

വി.ബിനുകുമാർ,
അണ്ടർ സെക്രട്ടറി.

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.

സെക്രട്ടറി,തിരുവനന്തപുരം നഗരസഭ

ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.